Dr. A. R. Menon *(Minister for Rural Development):* The caste Hindus did not feel in that way.

Mr. C. V. Iyyu *(Kunnamkulam):* Any way, the Devaswam Department could have done it.

Dr. A. R. Menon *(Minister for Rural Development):* They also contributed. The Panchayat was willing to do this work. There was a contribution from the Panchayat also as well as from the Government.

Mr. M. K. Devassy *(Adur):* What is the mischief done by them?

Dr. A. R. Menon *(Minister for Rural Development):* Destruction of crops.

Mr. V. J. Mathai *(Planters):* May I know how many monkeys were there.

Dr. A. R. Menon *(Minister for Rural Development):* A few hundreds.

Mr. Sabdai S. Koder *(Jews):* Are there any monkeys left?

DEPRESSED CLASS COLONIES—WARDENS PROMOTED AS MANAGERS—PARTICULARS

410. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിൽ നിന്നും സദയം മറുപടി നൽകുമോ.—

(എ) കോളനി വാർഡന്മാരെ പിരിച്ചുവിട്ട അവസരത്തിൽ ചിലർക്ക് പ്രമോഷൻ നൽകി മാനേജരാക്കീട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് മറ്റുള്ളവരേക്കാൾ എന്തു യോഗ്യതയാണ് കൂടുതലായി ഉള്ളത്;

(ബി) മാനേജർമാരാക്കപ്പെട്ടിട്ടുള്ളവരുടെ ജാതിയും യോഗ്യതയും കാലിഫിക്കേഷനും പ്രകാശിപ്പിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) പണവ്യയം ലഘൂകരിക്കുവാൻ വേണ്ടി 8 വാർഡന്മാരെ ഒഴിച്ച് ബാക്കി വാർഡന്മാരെ ഒഴിവാക്കീട്ടുണ്ട്: ആ അഞ്ചു വാർഡന്മാർക്ക് മാനേജർ എന്ന സ്ഥാനം കൊടുത്തതു കൂടാതെ പ്രമോഷൻ നൽകീട്ടില്ല. അവർ ഈ ലഘൂകരണ പദ്ധതി നടപ്പിലാവുന്നതിനു മുമ്പും അതേ കോളനികളിലെ വാർഡന്മാരായിരുന്നു.

(ബി) അവരുടെ പേരും മറ്റു വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. (മൂന്നാം അനുബന്ധം നോക്കുക).

മിസ്റ്റർ കെ. പി. വള്ളോൻ: ഏതുവിധത്തിലുള്ള പണവ്യയ ലഘൂകരണമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: പണച്ചിലവു് ചുരുക്കുവാൻവേണ്ടി കുറെ ആളുകളെ ഒഴിവാക്കി നല്ല നിലയിൽ ജോലി ചെയ്യുന്നവരായ ആ ആളുകളെ മാത്രം വെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: അവക്കു് അലവൻസു് കൊടുക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അവക്കു മുമ്പു് കൊടുത്തിരുന്ന അലവൻസുതന്നെ കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: അലവൻസു് വേണമെന്നു് അവർ ആവശ്യപ്പെട്ടിട്ടാണോ അവരെ വാർഡന്മാരാക്കിയിട്ടുള്ളതു്?

ഡോക്ടർ എ. ആർ. മേനോൻ: ആ അലവൻസു് അവക്കു മുമ്പുതന്നെ കൊടുത്തുവന്നിട്ടുള്ളതാണു്. അലവൻസു് വേണമെന്നു് അവർ ആവശ്യപ്പെട്ടിട്ടാണോ എന്നുള്ളതിനെപ്പറ്റി ചോദിച്ചറിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അവർ കുറെ പഠിപ്പും പണവും പ്രാപ്തിയും ഒക്കെയുള്ള ആളുകളല്ലേ? അലവൻസൊന്നും കൂടാതെ ജോലിനോക്കാമെന്നുള്ളവരുണ്ടെങ്കിൽ അങ്ങിനെയുള്ളവക്കു് ആ ജോലികൾ വിട്ടുകൊടുക്കുകയല്ലേ നല്ലതു്?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെയുണ്ടോ എന്നു് അന്വേഷിച്ചുനോക്കാം.

411. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെൻറിൽ നിന്നും സദയം മറുപടി നൽകുമോ —

ഏതെല്ലാം കോളനികളിലാണു് മാനേജർമാരെ നിയമിച്ചിട്ടുള്ളതെന്നു് പ്രകാശിപ്പിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ:

ക. വിജയരാഘവപുരം. ഖ. ശിവരാമപുരം. ഗ. മത്തായിപുരം. ഘ. ഫെർബട്ട്സ് നഗരം. ങ. വെള്ളാറഞ്ഞൂർ ഗ്രൂപ്പു് എന്നീ കോളനികളിലാണു്.

മിസ്റ്റർ കെ. പി. വള്ളോൻ: വിജയരാഘവപുരം കോളനിയിൽ ജോലിചെയ്യുന്ന മാനേജരുടെ പേരിൽ വല്ല കംപ്ലെയിൻറും ഗവൺമെണ്ടിനു് കിട്ടീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഡിപ്പാർട്ടുമെണ്ടിൽ കംപ്ലെയിൻറൊന്നും കിട്ടീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: കോ-ഓപ്പറേറ്റീവു് സൊസൈറ്റിവക പണസംബന്ധമായ ചില കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളതു ഗവൺമെണ്ടിന്നറിയാമോ?

ഡോക്ടർ എ. ആർ. മേനോൻ: എന്തോ ഒന്നു് ഉണ്ടായിട്ടുള്ളതായിട്ടു് അറിയാം. അതു് ഇന്നതാണെന്നു് തീർച്ചപറയുവാൻ ഇപ്പോൾ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ: ഇങ്ങിനെയുള്ള ആളുകളെ കോളനികളിൽ വെക്കാതിരിക്കുവാൻ ഒരു വ്യവസ്ഥയുണ്ടാക്കുമോ?

മിസ്റ്റർ വി. ജെ. മത്തായി: മാനേജർമാർക്ക് ശമ്പളം കൊടുക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അലവൻസ് കൊടുക്കുന്നുണ്ട്.

മിസ്റ്റർ സി. വി. ഐപ്പ്: ഈ മാനേജർമാരിൽ അധഃകൃത സമുദായത്തിൽപെട്ടവർ ആരെങ്കിലുമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: മുമ്പ് വാർഡന്മാരായിരുന്നവരിൽ അധഃകൃതർ ഉണ്ടായിരുന്നു. അവരിൽ കുറെ പേരെ പിരിച്ചുവിട്ടാണ് ഈ പേരെ മാനേജർമാരാക്കീട്ടുള്ളത്. അവരും മുമ്പ് ജോലി ചെയ്തിരുന്നവരുടെ കൂട്ടത്തിൽപെട്ടവരാണ്. അധഃകൃതരിൽപെട്ടവർ എത്രയുണ്ടെന്ന് നിശ്ചയമില്ല

മിസ്റ്റർ കെ. പി. വള്ളോൻ: കോളനികളിലെ വാർഡന്മാരെയെല്ലാം പിരിച്ചുവിടണമെന്ന് അഡ്വൈസറി ബോർഡിൽനിന്നും ഒരു നിർദ്ദേശം സർക്കാരിലേക്കയച്ചിട്ടുണ്ടായിരുന്നില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: മുഴുവൻ ആളുകളെയും പിരിച്ചുവിടണമെന്നുള്ള നിർദ്ദേശം ഉണ്ടായിരുന്നില്ല. വാർഡൻ എന്നുള്ള പേരുമാറ്റുവാൻ ഒരു നിർദ്ദേശമുണ്ടായിരുന്നു. അതുപ്രകാരമാണ് ഈ പേരെ ഇപ്പോൾ മാനേജർ എന്ന പേരിൽ വെച്ചിട്ടുള്ളത്.

മിസ്റ്റർ കെ. പി. വള്ളോൻ: വാർഡന്മാർ കോളനികളിൽ ഇരുന്നിട്ടുള്ളതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടായിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അതു പറയുവാൻ സാധിക്കയില്ല, കുറേക്കാലമായി വേല ചെയ്യുന്നവരായതുകൊണ്ട് വല്ല ഗുണങ്ങളും ഉണ്ടാകാതിരിക്കയില്ല. വിജയരാഘവപുരം, ചാലക്കുടി മുതലായ കോളനികളിൽ കുറെയൊക്കെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം അവിടവിടെ വെക്കുന്ന ആളുകളുടെ അവസ്ഥയനുസരിച്ചിരിക്കും.

മിസ്റ്റർ വി. ജെ. മത്തായി: മാനേജർമാർക്ക് പ്രതിമാസമാണോ അലവൻസ് കൊടുക്കുന്നത്?

ഡോക്ടർ എ. ആർ. മേനോൻ: അതെ.

മിസ്റ്റർ എ. വി. മൂത്തേടൻ: ചാലക്കുടി, വിജയരാഘവപുരം ഈ കോളനികളിൽ നിയമിച്ചിട്ടുള്ള മാനേജർമാർ എല്ലാ സമയത്തും ആ സ്ഥലത്തുതന്നെ ഉണ്ടായിരിക്കുമെന്ന് വല്ലതുണ്ടോ അന്വേഷിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: മിക്കവാറും സമയങ്ങളിൽ ഉണ്ടായിരിക്കണം. എല്ലാദിവസവും അവർ സ്ഥലത്തുണ്ടായിരുന്നുവെന്ന വരികയില്ല.

മിസ്റ്റർ എ. വി. മൂത്തേടൻ: ഒ-ം, ന-ം ദിവസങ്ങൾ മന്നിച്ചു അവർക്ക് കോളനികളിൽനിന്നും സ്ഥലം വിട്ടുപോകാമോ?

ഡോക്ടർ എ. ആർ. മേനോൻ: പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

(Please see answer to question No. 410)

പേർ	ജാതി	യോഗ്യത/ക്വാളിഫിക്കേഷൻ
പി. വി. അനന്തനാരായണയ്യർ, വെള്ളാറഞ്ഞൂർ	പ്രദേശ ബ്രാഹ്മണൻ	ഇംഗ്ലീഷും മലയാളവും എഴുതുവാനും വായിക്കുവാനും അറിയാം. പഞ്ചായത്തു മെമ്പറും സ്ഥലത്തെ ഒരു പരസ്പരസഹായസംഘംപ്രസിഡണ്ടും കൂടിയാണു്.
വി. ശിവരാമമേനോൻ, വിജയരാഘവപുരം	നായർ	എസ്സ്". എസ്സ്". എൽ. സി.
കെ. ഡബ്ലിയു. ശ്രീധരമാരാർ, മത്തായിപുരം	മാരാർ, ഹിന്ദു	ഇൻറർമീഡിയറ്റ് കോഴ്സ് കഴിച്ചിട്ടുണ്ടു്.
ടി. എസ്സ്. രാമൻ, ഹെർബർട്ട്നഗർ	ഈഴവൻ	8-ാം ക്ലാസ്സുവരെ പഠിച്ചിട്ടുള്ളതും ചേപ്പു് ഗ്രാമോദ്ധാരണകേന്ദ്രത്തിൽ ടെയിനിംഗു കഴിച്ചിട്ടുള്ളതുമാണു്.
എൻ. കെ. ഗോപാലൻ, ശിവരാമപുരം	ഈഴവൻ	ഇംഗ്ലീഷ് സ്കൂളിൽ 8-ാം ക്ലാസ്സും സംസ്കൃത സ്കൂളിൽ രഘുവംശം പഠിച്ചിട്ടുണ്ടു്. വൈദ്യം, വൈദ്യകം മുതലായതു് അറിയാം. ചേപ്പു് ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ ടെയിനിംഗു് കഴിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly